മുഖത്തല, കരുനാഗപ്പള്ളി, പള്ളം, എറുമാനൂർ, കടുത്തുരുത്തി, ഉഴവൂർ, വാഴൂർ, ഈരാറുപേട്ട, കോഴിക്കോട് റൂറൽ, ചേവന്നൂർ, കുന്നുമ്മൽ, വടകര, കൊയിലാണ്ടി, ടൂണേരി, തോടന്നൂർ, കോയിപ്പുറം, മല്ലപ്പള്ളി, മലമ്പുഴ, നെടുമങ്ങാട്, പാറശ്ശാല, വെള്ളനാട്, ചേർപ്പ്, വടകര കൊടുങ്ങല്ലൂർ, ഒല്ലൂക്കര, പുഴക്കൽ, മതിലകം എന്നീ 40 ബ്ലോക്കുകളിൽ കൂടി ഈ പദ്ധതി അനുവദിച്ചു കൊടുത്തിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ഈ പദ്ധതികൂടി ആരംഭിക്കാൻ കഴിയും. അങ്ങനെ വരുമ്പോൾ എല്ലാ ബ്ലോക്കുകളും ഐ. സി. ഡി. എസ്. പദ്ധതിയുടെ കീഴിൽ വരുന്ന ഒരേയൊരു സംസ്ഥാനമായി കേരളം മാറുന്നതാണ്.

(10) കണ്ണൂർ മുനിസിപ്പാലിറ്റിയിലും പരിസര പ്രദേശങ്ങളിലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം

ശ്രീ. എൻ. രാമകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ കണ്ണൂർ നഗരസഭയിലും അതിന്റെ തൊട്ടടുത്ത പ്രദേശങ്ങളായ എളയാവൂർ ചിറക്കൽ, പൂഴാരി, പള്ളിക്കുന്ന് തുടങ്ങിയ പഞ്ചായത്ത് പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 5-ാം തീയതി മുതൽ 12-ാം തീയതിക്കകത്ത് ഒരു ദിവസം, അതും കണ്ണൂർ ടൗണിൽ മാത്രമാണ് അൽപ്പ സമയം വെള്ളം ലഭ്യമായത്. ഒരാഴ്ചക്കാലം, അല്ലെങ്കിൽ 10 ദിവസക്കാലം തുടർച്ചയായി വെള്ളം കിട്ടാത്ത ഒരവസ്ഥയെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ കഴിയുമോ ? കണ്ണൂർ ടൗണിലെ ജനങ്ങൾ കുടിവെള്ളം ലഭ്യമാകാതെ ഒഴിഞ്ഞുപോകുന്നു എന്ന വാർത്തയാണ് മലയാള മനോരമ പത്രത്തിൽ 12-ാം തീയതി റിപ്പോർട്ടു ചെയ്തത്. കാലാകാലങ്ങളിലുണ്ടാകുന്ന ഈ കുടിവെള്ള പ്രശ്നത്തെ സംബന്ധിച്ച് ശാശ്വതമായ പരിഹാരം കാണാനുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കി, യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വിനയപൂർവ്വം അപേക്ഷിക്കുന്നു.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, കണ്ണൂർ നഗരത്തിനുവേണ്ടിയുള്ള ആഗ്മെന്റേഷൻ സ്കീമിന്റെ പണി വളരെ വേഗതയിൽ നടന്നുവരികയാണ്. അത് സമയബന്ധിതമായി തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട

12 P.M.] മെമ്പർ സൂചിപ്പിച്ച കണ്ണൂർ, മാഹി, തലശ്ശേരി മുനിസിപ്പാലിറ്റികളിലെയും സമീപ പഞ്ചായത്തുകളായ എളയാവൂർ, പൂഴാരി, ചിറയ്ക്കൽ, പള്ളിക്കുന്ന്, ധർമ്മടം എന്നീ പഞ്ചായത്തുകളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ ശ്രോതസ് അഞ്ചരക്കണ്ടി പുഴയാണ്. കടുത്ത വരൾച്ച കാരണം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം മാർച്ച് ആദ്യവാരം പുഴയിലെ വെള്ളം ക്രമാതീതമായി താഴുകയും 7-3-1996 മുതൽ പമ്പിംഗ് നടത്താൻ സാധിക്കാത്ത അവസ്ഥയിലാവുകയും ചെയ്തു. ഈ സ്ഥിതി തരണം ചെയ്യുന്നതിനായി അഞ്ചരക്കണ്ടി പുഴയിൽനിന്നും ഏകദേശം പതിനാറ് കിലോമീറ്റർ അകലെയുള്ള പഴശ്ശി ജലസംഭരണിയിലെ വെള്ളം പമ്പ് ചെയ്യാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിയുടെ ദർഘാസുകൾ 31-1-1996-ൽ വിളിക്കുകയും ഫെബ്രുവരി 28-ന് കരാറുകാരനോട് പണി തുടങ്ങാൻ നിർദ്ദേശിക്കുകയും ചെയ്തു. രണ്ട് പമ്പ് സെറ്റ് ഉപയോഗിച്ച് കനാലിലേക്ക് 7-3-1996 മുതൽ വെള്ളം പമ്പ് ചെയ്യാൻ തുടങ്ങി. അഞ്ചരക്കണ്ടി പുഴയിൽ 11-3-1996-ന് വെള്ളം എത്തിത്തുടങ്ങി. 12-3-1996 മുതൽ ജലവിതരണം പുനഃസ്ഥാപിച്ചു. പക്ഷെ ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് കൊണ്ട് പിന്നെയും ശുദ്ധജല വിതരണത്തിന് തടസ്സമുണ്ടായിട്ടുണ്ട്. പഴശ്ശി പ്രോജക്ടിലെ ഉദ്യോഗസ്ഥൻമാരുമായി ഞാൻ കഴിഞ്ഞ ദിവസം വയനാട്ട് ഒരു പരിപാടിക്ക് പോയപ്പോൾ ചർച്ച നടത്തി. പഴശ്ശിയിൽനിന്നും വെള്ളം മുടങ്ങാതെ അഞ്ചരക്കണ്ടി പുഴയിലേക്ക് എത്തിക്കാനുള്ള നടപടികൾ തുടരണം എന്ന് പറയുകയും അതിനാവശ്യമായ ക്രമീകരണം ഇറിഗേഷൻ ഡിപ്പാർട്ടുമെൻറും വാട്ടർ സപ്ലൈ ഡിപ്പാർട്ടുമെൻറുംകൂടി സംയുക്തമായി ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(11) തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ശുദ്ധജല ക്ഷാമം

ശ്രീ. കെ. പി. മമ്മു മാസ്റ്റർ : സർ, തലശ്ശേരി മുനിസിപ്പാലിറ്റിയിലും ധർമ്മടം, മാഹി പ്രദേശങ്ങളിലും ശുദ്ധജലവിതരണം ഇപ്പോൾ സ്തംഭിച്ചിരിക്കുകയാണ്. അഞ്ചരക്കണ്ടി പുഴ ഇപ്പോൾ പൂർണ്ണമായി വറ്റി വരണ്ടതാണ് അതിന് പ്രധാന കാരണം. സമീപ വർഷങ്ങളിലൊന്നും ഇത്ര രൂക്ഷമായ വരൾച്ച ഇത്ര നേരത്തെ അനുഭവപ്പെട്ടിട്ടില്ല. അഞ്ചരക്കണ്ടി പുഴയിൽനിന്നുമുള്ള വെള്ളം കീഴല്ലൂർ ഡാംസൈറ്റിൽ ശുദ്ധീകരിച്ച് രണ്ട് പൈപ്പ്ലൈനുകൾവഴി കണ്ണൂരിലേക്കും തലശ്ശേരിയിലേക്കും എത്തിക്കുക എന്നതാണ് നിലവിലുള്ള സംവിധാനം. എന്നാൽ ഉപഭോഗം പതിൻമടങ്ങ് വർദ്ധിച്ചതിനാൽ ഈ പദ്ധതി തീർത്തും അപര്യാപ്തമായി തീർന്നിരിക്കുകയാണ്. അതുകൊണ്ട് അഞ്ചരക്കണ്ടി പുഴയിലെ വെള്ളം തലശ്ശേരി മാഹി പ്രദേശങ്ങളിൽ മാത്രമായി നൽകാനും കണ്ണൂരിലേക്ക് പഴശ്ശി പ്രോജക്ടിലെ പ്രധാന റിസർവോയർ സ്ഥിതിചെയ്യുന്ന വെളിയമ്പ്രയിൽ നിന്ന് നേരിട്ട് വെള്ളം നൽകാനുമുള്ള പദ്ധതിയുടെ പണി ആരംഭിച്ചുവെങ്കിലും അത് ഇപ്പോൾ നിലച്ചിരിക്കുകയാണ്. സമയബന്ധിതമായി തീർക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുവെങ്കിലും 1992-ൽ തീർക്കേണ്ടതാണ്. അത് ഇതുവരെയും തീർത്തിട്ടില്ല. ഈ വിപുലീകരണ പദ്ധതി പൂർത്തീകരിച്ചാൽ കണ്ണൂർ മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പ്രശ്നം പരിഹൃതമാകും. എന്നാൽ തലശ്ശേരി, മാഹി പ്രദേശങ്ങളിലെ പ്രശ്നം അപ്പോഴും അവശേഷിക്കും. കാരണം അഞ്ചരക്കണ്ടി പദ്ധതിക്ക് കൊല്ലത്തിൽ നാലു മാസം വെള്ളം കിട്ടുകയില്ല. ആ കാലങ്ങളിൽ വെളിയമ്പ്രയിൽനിന്നും പമ്പ് ചെയ്യുന്ന വെള്ളം വറ്റിവരണ്ട അഞ്ചരക്കണ്ടി പുഴയിലൂടെ കനാൽ കീറി കീഴല്ലൂർ ഡാമിൽ എത്തിക്കണം. അവിടെനിന്നും ശുദ്ധീകരിച്ച് രണ്ടാമത് പമ്പ് ചെയ്തുവേണം തലശ്ശേരിയിൽ വെള്ളമെത്തിക്കാൻ. ഇതു കാരണം ധാരാളം വെള്ളം പാഴാകുന്നു. വോൾട്ടേജ് ക്ഷാമം കാരണം രണ്ടു ഘട്ടം പമ്പിംഗ് പലപ്പോഴും നടക്കാതെപോകുന്നു. ഇപ്പോൾ അവിടത്തെ സ്ഥിതി ഇതാണ്. ആഴ്ചയിൽ ഒരു ദിവസംപോലും വെള്ളം തലശ്ശേരി, കണ്ണൂർ പ്രദേശങ്ങളിൽ ഇപ്പോൾ എത്തുന്നില്ല. തലശ്ശേരിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള ഏക മാർഗ്ഗം കണ്ണൂരിലേക്കുള്ളതുപോലെ വെളിയമ്പ്രയിൽനിന്ന് ഒരു ഗ്രാവിറ്റി മെയിൻ

LIBRARY ARCHIVES Kerala Legislative Assembly